**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.6065**

**19/11/2019 ൽ മറുപടിക്ക്**

**ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് പ്രസിദ്ധീകരിച്ച യു.പി.എസ്.എ. തസ്തികയിലേക്കുള്ള വിജ്ഞാപനം**

**ചോദ്യം**

**ശ്രീ.വി.ടി.ബൽറാം**

**ശ്രീ.പി.ടി. തോമസ്**

**മറുപടി**

**കടകംപള്ളി സുരേന്ദ്രൻ**

**(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് 2/3/2017 ൽ പ്രസിദ്ധീകരിച്ച യു.പി.എസ്.എ. തസ്തികയിലേക്കുള്ള വിജ്ഞാപനത്തിൽ നിഷ്കർഷിച്ചിരുന്ന യോഗ്യതകൾ എന്തെല്ലാം; ഇത് പ്രകാരം പരീക്ഷ നടത്തി ഷോർട്ട് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (എ) | ദേവസ്വം ബോർഡുകൾക്ക് കീഴിലുള്ള എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിയമനം കേരള ദേവസ്വം റിക്രൂട്ടമെന്റ് ബോർഡിന് വിട്ടുനൽകിയിട്ടില്ല. അതിനാൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ സ്കൂളുകളിലെ യു.പി.എസ്.എ തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചു കൊണ്ടുള്ള വിജ്ഞാപനം 02.03.2017-ൽ തിരുവിതാംകൂർ ദേവസ്വം ബോർഡാണ് പുറപ്പെടുവിച്ചത്. നിശ്ചിത വിദ്യാഭ്യാസ യോഗ്യതയിൽ 50% ൽ കുറയാത്ത മാർക്ക് നേടിയിരിക്കണമെന്നാണ് ദേവസ്വം ബോർഡ് വിജ്ഞാപനം ചെയ്തത്. ബഹു കേരള ഹൈക്കോടതി പ്രത്യേക ഉത്തരവ് പ്രകാരം, യു.പി.എസ്.എ തസ്തികയിലേയ്ക്കുള്ള പരീക്ഷ നടത്തുന്നതിന് കേരള ദേവസ്വം റിക്രൂട്ടമെന്റ് ബോർഡിനെ ചുമതലപ്പെടുത്തുകയുണ്ടായി.<br>അതനുസരിച്ച് പരീക്ഷ നടത്തി മാർക്ക് ലിസ്റ്റ് സോഫ്റ്റ് കോപ്പി സഹിതം മുദ്ര വച്ച് കവറിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന് നല്കിയിട്ടുണ്ട്. നിശ്ചിത വിദ്യാഭ്യാസ യോഗ്യതയിൽ 50% ത്തിൽ കുറയാത്ത മാർക്ക് നേടിയ 120 പേരെ ഉൾപ്പെടുത്തി ഷോർട്ട് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഷോർട്ട് ലിസ്റ്റ് പ്രസിദ്ധീകരിച്ചതിന് ശേഷം യോഗ്യതയിൽ മാറ്റം വരുത്തിയിട്ടുണ്ടോ എന്നും ഇത് നിയമാനുസൃതമാണോ എന്നും വ്യക്തമാക്കുമോ; | (ബി) | യു.പി അദ്ധ്യാപക നിയമനത്തിന് കെ-റ്റി.ഇ.റ്റി യോഗ്യത വേണമെന്ന സർക്കാർ ഉത്തരവിനെത്തുടർന്ന് ആയത് യോഗ്യതാ മാനദണ്ഡമായി ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | ഷോർട്ട് ലിസ്റ്റിൽ ഉൾപ്പെട്ടിരുന്ന ആരെയെങ്കിലും പിന്നീട് ഒഴിവാക്കിയിട്ടുണ്ടോ എന്നും എങ്കിൽ അതിനുള്ള കാരണമെന്തെന്നും വിശദമാക്കാമോ; ഇങ്ങനെ ഒഴിവാക്കിയ നടപടി പുനഃപരിശോധിച്ച് ഇവരെ കൂടി ലിസ്റ്റിൽ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുമോ? | (സി) | തസ്തികയ്ക്ക് അപേക്ഷിക്കുന്ന സമയത്ത് കെ-റ്റി.ഇ.റ്റി യോഗ്യത ഇല്ലാതിരുന്ന ഉദ്യോഗാർത്ഥികളെ ഒഴിവാക്കിയിട്ടുള്ളതാണ്. ഇക്കാര്യം പുനഃ പരിശോധിക്കുന്ന നടപടി സ്വീകരിച്ചിട്ടില്ലയെന്ന് ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ